**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-നഗരഗ്രാമാസൂത്രണ വകുപ്പ്- ജില്ലാ നഗരാസൂത്രണ വകുപ്പിന്റെ വാടക കുടിശ്ശിക നൽകുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ)നം.39/2017/**ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം.** 06/01/2017

പരാമർശം:- മുഖ്യനഗരാസൂത്രകന്റെ 05.05.2016 ലെ എസ്1- 1998/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശത്തിലെ മുഖ്യ നഗരാസൂത്രകന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ജില്ല നഗരാസൂത്രണ കാര്യാലയത്തിന്റെ കഴിഞ്ഞ സാമ്പത്തിക വർഷം വരെയുള്ള വാടക കുടിശ്ശിക നൽകുന്നതിന് 38,08,119 രൂപയുടെ (മുപ്പത്തിയെട്ടു ലക്ഷത്തി എണ്ണായിരത്തി നൂറ്റിപ്പത്തൊൻപതു രൂപ)യുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനുള്ള ചെലവ് 2217-05-001-65-06-RRT(NP) എന്ന ശീർഷകത്തിൽ നിന്നാണ്. വാടക കരാർ പുതുക്കണമെന്ന ആവശ്യം സർക്കാർ പ്രത്യേകം പരിശോധിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

അബ്ദുൾകരീം. എ

**അണ്ടർ സെക്രട്ടറി**

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.

തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്

ധനകാര്യ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ